# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **2379** 19.03.2015-ൽ മറുപടിക്ക്

## ആശ വർക്കർമാരുടെ ഓണറേറിയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എളമരം കരീം : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) 2014 ഡിസംബർ 8 മുതൽ സെക്രട്ടേറിയറ്റിന് മുന്നിൽ ആശാവർക്കേഴ്സ് ഫെഡറേഷൻ നടത്തി വന്ന സമരത്തെ ത്തുടർന്ന് നടത്തിയ ചർച്ചയിൽ ബഹു.മന്ത്രി നൽകിയ ഉറപ്പുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (എ) 2014 ഡിസംബർ 8 മുതൽ സെക്രട്ടേറിയറ്റിന് മുന്നിൽ ആശാവർക്കേഴ്സ് ഫെഡറേഷൻ നടത്തി വന്ന സമരത്തെ ത്തുടർന്ന് നടത്തിയ ചർച്ചയിൽ ബഹു.മന്ത്രി താഴെ പറയുന്ന ഉറപ്പുകളാണ് നൽകിയിരിക്കുന്നത്.<br>1. സംസ്ഥാനത്തെ ആശമാരുടെ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് എല്ലാ ജില്ലകളിലും ആശാ കോ-ഓർഡിനേറ്റർമാരെ നിയമിക്കും.<br>2. ആശമാരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നതിന് മുഖ്യമന്ത്രിയുമായും, ധനകാര്യ മന്ത്രിയുമായും ചർച്ച ചെയ്ത് അനുഭാവ പൂർവ്വം പരിഗണിക്കാം.<br>3. 2014-15 ലെ ഇൻസന്റീവ് ക്രിസ്തുമസിനു മുമ്പ് വിതരണം ചെയ്യും.<br>4. 2013-14 ലെ മൂന്ന് മാസത്തെ ഓണറേറിയവും 2014-15 ലെ ഓണറേറിയവും ഗവൺമെന്റിൽ നിന്ന് പണം ലഭിക്കുന്ന മുറയ്ക്ക് കാലതാമസം ഇല്ലാതെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കും.<br>5. 2014-15 ലെ ആശ ഓണറേറിയം ഗവൺമെന്റ് ഉത്തരവ് പ്രകാരം ഓഗസ്റ്റ് മാസം വരെ 700 രൂപയും സെപ്തംബർ മുതൽ 900 രൂപയുമാണ്. 2014 ഏപ്രിൽ മുതൽ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞ പ്രകാരം 1000 രൂപ അനുവദിക്കുന്നതിന് ധനകാര്യ വകുപ്പിൽ നിന്നും അനുമതിക്കായുള്ള നടപടികൾ സ്വീകരിക്കും. ഇപ്പോൾ അനുവ ദിച്ചിട്ടുള്ള 24.31 കോടി രൂപ ലഭിക്കുന്ന മുറയ്ക്ക് 700 / 900 രൂപ വച്ച് വിതരണം ചെയ്യുന്നതാണ്. |

(.....2)

6. കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്ന അടുത്ത വർഷത്തെ പദ്ധതി രേഖയിൽ ഇൻസന്റീവ് വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെടും.

7. പഞ്ചായത്തിൽ നിന്ന് ആശമാർക്ക് അഡീഷണൽ ഓണറേറിയം നൽകുന്നതിനുള്ള പ്രൊപ്പോസൽ എൽ.എസ്.ജി.ഡി. കോർഡിനേഷൻ കമ്മിറ്റിയിൽ വയ്ക്കുന്നതിനും അത് അജണ്ടയിൽ ഉൾപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കും. ഇതിനായി പഞ്ചായത്ത് / മുനിസിപ്പൽ വകുപ്പ് മന്ത്രിമാരുടെ യോഗം വിളിക്കുന്നതിനും തീരുമാനിച്ചു.

| | |
|---|---|
| (ബി) 2013-14 ലെ മൂന്ന് മാസത്തെ ഓണറേറിയം 2014 ക്രിസ്തുമസിനു മുമ്പ് വിതരണം ചെയ്തിട്ടുണ്ടോ ; 2014-15 ലെ ഓണറേറിയം 2015 ജനുവരി 30 -ന് മുമ്പ് നൽകിയിട്ടുണ്ടോ ; | (ബി) 2013-14 ലെ രണ്ട് മാസത്തെ (ജനുവരി - ഫെബ്രുവരി) ഓണറേറിയം വിതരണം ചെയ്തിട്ടുണ്ട്. ബാക്കി തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) ആശാ വർക്കർമാരുടെ ആനുകൂല്യം അടുത്ത വർഷത്തെ പദ്ധതി രേഖയിൽ വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (സി) 2015-16 പി.ഐ.പി. (പ്രോഗ്രാം ഇംപ്ലിമെന്റേഷൻ പ്ലാൻ) യിൽ ആശമാർക്ക് പുതിയ ഇൻസന്റീവ് നൽകുന്നതിന് കേന്ദ്ര സർക്കാരിലേക്ക് നൽകിയിട്ടുണ്ട്. നാഷണൽ ഹെൽത്ത് മിഷന്റെ ആകെ ഉള്ള പദ്ധതിയുടെ ഭാഗമായാണ് നൽകിയിട്ടുള്ളത്. |
| (ഡി) ജില്ലകളിൽ ആശാ കോ-ഓർഡിനേറ്റർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ ഏതുവരെ ആയി എന്ന് വ്യക്തമാക്കുമോ ? | (ഡി) 14 ജില്ലകളിലും ആശാ കോ-ഓർഡിനേറ്റർമാരെ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ